മദ്ധ്യപ്രദേശിൽ 38 കൊള്ളക്കാരെ വെടിവെച്ചു കൊന്നു

(പി ടി ഐ) ഭിന്ദ് (മദ്ധ്യപ്രദേശ്) ജനുവരി 31
കവർച്ചക്കാരെ നിർമ്മാർജ്ജനം ചെയ്യുന്ന പരിപാടി യനുസരിച്ച് 1964-ൽ മദ്ധ്യപ്രദേശ് പോലീസ് 38 കൊള്ളക്കാരെ വെടിവച്ചുകൊന്നതായി ഒരു ഔദ്യോഗിക സ്ഥിതിവിവരണക്കണക്കിൽ പറയുന്നു.

Reg. No. K. 31

തൊഴിലാളി

'തൊഴിലാളി' വരിസംഖ്യ താരതമ്യം

	പോസ്റ്റ്ചാർജ്	വാരാന്ത്യപതിപ്പ് പോസ്റ്റ്ചാർജ്
ഒരു കൊല്ലത്തേക്ക്	27.00	6.00
ആറു മാസത്തേക്ക്	13.50	3.00
മൂന്നു മാസത്തേക്ക്	6.75	1.50
ഏജന്റുമാർക്കുള്ള കമ്മീഷൻ (ഒരു മാസത്തേക്കുള്ള)		
വാരാന്ത്യപതിപ്പിന് മാത്രം		2.10
ഓരോ പ്രതി	00.7	00.10

മാനേജർ

Honorary Chief Editor: T. O. Mathew M.A. Founder: Father Vadakkan Managing Editor: B. Wellington B. A.

പുസ്തകം 12 | ലക്കം 30 | 1965 ഫെബ്രുവരി 1 തിങ്കൾ വൃശ്ചിക്ക് | വില 4 പൈസ | പേജ് 2

പ്രധാനമന്ത്രി ശാസ്ത്രി കേരളത്തിലെത്തി


ഹിന്ദി ഔദ്യോഗിക ഭാഷയാക്കിയതു നിമിത്തം ആർക്കും ദോഷംവരില്ലെന്നു പ്രഖ്യാപനം

തിരുവനന്തപുരത്തും, എറണാകുളത്തും, കോഴിക്കോട്ടും കോൺഗ്രസ്സിനുവേണ്ടി തിരഞ്ഞെടുപ്പുപ്രചരണം നടത്തും

(പി ടി ഐ)

തിരുവനന്തപുരം, ജ: 31

മൂന്നു ദിവസത്തെ സംസ്ഥാന സന്ദർശനാർത്ഥം പ്രധാനമന്ത്രി ലാൽബഹദൂർ ശാസ്ത്രി ഇന്നു് ഇവിടെ എത്തിയിരിക്കുന്നു.



ഗവണ്മെന്റ് വി. വി. ഗിരി, കെ പി സി സി പ്രസിഡണ്ട് കെ സി അബ്രഹാം, സംഭിക്കാലി, ആർ ശങ്കർ, കെ പി മാധവൻനായർ എന്നിവരടക്കം അനവധി നേതാക്കളും വിമാനത്താവളത്തിൽ വെച്ച് ശാസ്ത്രിയെ സ്വീകരിച്ച് ഹാരാർപ്പണം നടത്തി.

ഗവണ്മെന്റുടെ ഉപദേഷ്ടാക്കളായ ആർ പ്രസാദും ഗോവിന്ദനാരായണനും ശാസ്ത്രിയെ സ്വീകരിക്കാൻ വിമാനത്താവളത്തിൽ എത്തിയിരുന്നു.

വെട്ടിത്തിളങ്ങുന്ന സൂര്യപ്രകാശത്തിൻ കീഴിൽ ഇന്ത്യൻ വ്യോമസേനയുടെ പുഷ്പക എന്ന സ്പെഷ്യൽ വിമാനം പ്രധാനമന്ത്രി ശാസ്ത്രിയെയും വഹിച്ചുകൊണ്ടു ഉച്ചകഴിഞ്ഞ് 2.20നു് വിമാനത്താവളത്തിലെത്തി.

പ്രധാനമന്ത്രിയെത്തിനുശേഷം ആദ്യമായി കേരളത്തിലെത്തുന്ന ശാസ്ത്രി ഗവണ്മെന്റോടൊത്തു് രാജഭവനിലേക്ക് കാറോടിച്ചുപോയി.

തിരുവനന്തപുരം കൂടാതെ കോൺഗ്രസ്സ് തിരഞ്ഞെടുപ്പു പ്രചരണത്തുടനെ ഏറ്റെടുത്തിട്ടുള്ള എറണാകുളത്തും കോഴിക്കോട്ടും ശാസ്ത്രി രാത്രി ദിവസം ചിലവഴിക്കുന്നതാണ്.

വിമാനത്താവളത്തിൽ കൾനമായ ജനക്കൂട്ടമാണ് ഓരോ കുതിച്ചുകയറ്റത്തിലും പ്രധാനമന്ത്രിയെ സ്വാഗതം ആശംസിച്ചുകൊണ്ടുള്ള ആർപ്പുവിളികൾ ഉയർത്തപ്പെട്ടിരുന്നു. വള്ളക്കടവിലും പരിസരങ്ങളും കൊടികളും വീടുകളും കോൺഗ്രസ് പതാകകളാൽ അലങ്കരിച്ചിരുന്നതായി കാണപ്പെട്ടു.

ഭൂപരിഷ്കരണം

ഹിന്ദി ഔദ്യോഗിക ഭാഷയാക്കിയതു നിമിത്തം തമിഴ് ഭാഷാസ്റ്റേറ്റ്, അഹിന്ദി പ്രദേശങ്ങളിലെ റിക്രൂട്ട്മെന്റിനോ പ്രമോഷനോ യാതൊരുഹാനിയും ഉണ്ടാവുന്നതല്ലെന്നു് തിരുവനന്തപുരം കോർപ്പറേഷൻ നൽകിയ ഒരു പൌരസ്വീകരണത്തിൽ ശാസ്ത്രി മറുപടിപ്രസംഗം നടത്തുകയുണ്ടായി.

ഹിന്ദി അടിച്ചേല്പിക്കുകയാണെന്നുള്ള അഭിപ്രായത്തിനു് യാതൊരടിസ്ഥാനവുമില്ലെന്നും ദേശീയരാഷ്ട്രീയത്തിലെ ജനങ്ങളുടെ സമധാനപരമായ ഒരു സമീപനത്തെ പ്രതിഫലിക്കുന്ന മനസ്സാണു് ശാസ്ത്രി അഭ്യർത്ഥിച്ചതുമെന്നു് ഒരു ജനാധിപത്യ രാഷ്ട്രമാണ്. എല്ലാപ്രശ്നങ്ങളോടുംസമാധാനപരമായ ഒരു സമീപനമാണു് നമുക്കുവേണ്ടതും.

ഡോ: എം സി മാത്യൂസ് ശാസ്ത്രിയെ അനുഗമിക്കും

എറണാകുളം ജില്ലാ അസ്സൂത്രിയിലെ ഏറ്റവും സീനിയർ ഓഫീസറായ ഡോ: എം സി മാത്യൂസ് പ്രധാനമന്ത്രി ശാസ്ത്രിയെ അദ്ദേഹത്തിന്റെ കേരള പര്യടനവേളയിൽ അനുഗമിക്കുന്നതാണ്.

ഒരു ഏറ്റവുമധികം പ്രധാനമന്ത്രിക്ക് വൈദ്യസഹായം ആവശ്യമായി വന്നാൽ അയ് അടിയന്തിരമായി എത്തിക്കുന്നതിനു വേണ്ടിയാണ് ഇവ നടപടി.

സംയുക്തസോഷ്യലിസ്റ്റ് പാർട്ടി അകാലചരമമടഞ്ഞു

പിയെസ്പിയുടെ പിണങ്ങിപ്പിരിഞ്ഞ മറ്റൊരുസ്ഥാനത്തും സന്ധിചെയ്യുന്നതു-ജോഷിയും ചന്ദ്രശേഖരനും പിന്നേയും കടിച്ചുതൂങ്ങിനില്ക്കുന്നു

(പി. ടി. ഐ) വാരണാസി, ജനു. 31

കഴിഞ്ഞ വർഷം ജൂൺ മാസത്തിൽ സോഷ്യലിസ്റ്റ് പാർട്ടിയുമായി ലയിച്ചു പ്രജാസോഷ്യലിസ്റ്റ് പാർട്ടി, പ്രസ്തുത ലയനം റദ്ദാക്കിയിരിക്കുന്നതായി ഇന്നു പ്രഖ്യാപിച്ചിരിക്കുന്നു. സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയുടെ ഇവിടെ നടക്കുന്ന കോൺഗ്രസിൽ നിന്നും തങ്ങളും പിന്മാറുകയാണെന്നും അവർ പ്രഖ്യാപിച്ചു.

എസ്. എസ്. പി യുടെ നാഷണൽ അഡ്ഹോക്ക് കമ്മറ്റിയിലെ പതിനാലു പി, എസ്. പി. അംഗങ്ങളിൽ പതിമൂന്നു പേരും എച്ച്, വി. കമ്മത്തും എം. പിയാറും, പ്രതിനിധി സമ്മേളനം നടന്ന കൊണ്ടിരിക്കുമ്പോൾ മുൻകൂട്ടി തയ്യാറാക്കപ്പെട്ട ഈ പ്രഖ്യാപനം വായിച്ചു.

എസ്. എസ്. പിയുടെ നാഷണൽ അഡ്ഹോക്ക് കമ്മറ്റിയിലെ 14 പിയെസ്പി മെമ്പർമാരിൽ 12 പേരും ഈ പ്രഖ്യാപനത്തിൽ ഒപ്പു വച്ചിട്ടുണ്ടു്.

എസ്. എസ്. പി. ചെയർമാൻ എസ് എം. ജോഷിയും കേരളത്തിലെ പി. എസ്. പി. നേതാവു് കെ. ചന്ദ്രശേഖരനുമാണ് പ്രഖ്യാപനത്തിൽ ഒപ്പു വെയ്ക്കാത്ത അഡ്ഹോക്ക് കമ്മറ്റിയിലെ പി. എസ്. പി. അംഗങ്ങൾ.

മലപ്പുറത്തുനിന്നു പ്രതിനിധികളും മറ്റുമേ ഈ പ്രഖ്യാപനത്തോടു് യോജിക്കുന്നുള്ളുവെന്നാണ് ജോഷിയുടെ വാദം.

കമ്മത്തിന്റെ ഈ പ്രഖ്യാപനം പി. എസ്. പി. അണികളിലെ അഭിപ്രായം പ്രതിഫലിക്കുന്ന തന്നാണെന്നു സമർത്തിക്കുവാൻ ജോഷി വിസമ്മതിച്ചു ഈ പ്രഖ്യാപനത്തിനുശേഷം സമ്മേളനത്തിൽനിന്നും പി. എസ്. പി. പിന്മാറുമോ എന്നു് തീർത്തുപറയാനും ജോഷിക്കു് കഴിഞ്ഞില്ല. "പി. എസ് പി. തകർന്നുപോയെന്നു് ആരുപറഞ്ഞു? ഞാൻ പി എസ്. പി. പിക്കുമനുണ്ടല്ലോ. ഞാനിവിടെത്തന്നെ ഉണ്ടല്ലോ" ജോഷി പറഞ്ഞു.

ഭൂരിപക്ഷം പ്രതിനിധികളും എസ്. എസ്. പിയിൽ നിന്നും വിട്ടുപോന്നതിനെതിരായി പി. എസ്. പി. വക്താവു് പറഞ്ഞു.

നഗരത്തിന്റെ മറ്റൊരു ഭാഗത്തു് പി. എസ്. പി. തനിച്ചു് ഒരു അനൗപചാരിക സമ്മേളനം ഇന്നു് ചേർന്നിട്ടു് ചേരുന്നതിനു് പ്രതിനിധികളിൽ എത്രപേർ പി. എസ്. പി. യിൽ പിന്നിലുണ്ടെന്നു് അന്വേഷിക്കുന്നതിനുവേണ്ടിയാണ് ഈ സമ്മേളനം ചേർന്നതെന്നു് അഭിപ്രായമുണ്ടു്.

പ്രഖ്യാപനം വായിച്ച ശേഷം, ഈ തീരുമാനത്തിലേക്കു നയിച്ച സാഹചര്യങ്ങളെ വിശദീകരിച്ചുകൊണ്ടു് കമ്മത്തു് ഒരു ചെറുപ്രസംഗം ചെയ്തു. അതിനുശേഷം അദ്ദേഹം സമ്മേളിച്ച സേവ്യരിൽ ഒരു വിഭാഗവും അദ്ദേഹത്തോടൊപ്പം പുറത്തുപോയി.

ലയനത്തിനുശേഷം ഈ ഗ്രൂപ്പുകളിൽ തമ്മിൽ സഹകരിക്കുമെന്നുണ്ടായിരുന്ന എല്ലാ പ്രതീക്ഷകളും പൂർണ്ണമായും തകർന്നുപോയെന്നു പ്രഖ്യാപനത്തിൽ പറഞ്ഞു. ഇക്കഴിഞ്ഞ ദിവസങ്ങളിൽ നടന്ന സംഭവവികാസങ്ങളും അതു വ്യക്തമാക്കിയിട്ടുണ്ടു്. പിയെസ്പി പ്രവർത്തകർ മദ്ധ്യനത്തിനു വിധേയരാകുകപോലും ഉണ്ടായി. ഒരു യാത്രാമദ്ധ്യേ ജനാധിപത്യസോഷ്യലിസ്റ്റ് പാർട്ടിയുടെ വിജയത്തിനു വ്യക്തിപൂജയിലും ഫാസിസമാണെന്നും അതുകൊണ്ടു ലയനം റദ്ദാക്കണമെന്നും പ്രഖ്യാപനത്തിൽ പറയുന്നു.

പിണങ്ങിനിന്നവർക്കുതിരെ പ്രമേയം പാസ്സാക്കി

പിയെസ്പി എസ്സിലയനം റദ്ദു ചെയ്യുവാനു് കമ്മത്തു് പ്രഖ്യാപിച്ചതോടെ, അതിനെ എതിർത്തുകൊണ്ടു് സംഘടനാ മര്യാദ പ്രമേയം പാസ്സാക്കി. ലയനം റദ്ദു ചെയ്യുകയുണ്ടായ പ്രഖ്യാപനവും സമ്മേളനത്തിൽനിന്നുള്ള പിയെസ്സിയുടെ പിന്മാറ്റവും പ്രമേയവും അംഗീകരിച്ചില്ല.

കഴിഞ്ഞ ജൂണിൽ നടന്ന പിയെസ്പി ലയനം താല്പര്യപൂർവമായിരുന്നില്ലെന്നും അതു പരിചയപ്പെടുവാനുള്ള അവസരമായിരുന്നുവെന്നും പ്രമേയത്തിൽ പറയുന്നു.

അദ്ധ്യക്ഷൻ അവതരിപ്പിച്ച ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കുകയാണ് പാസ്സാക്കപ്പെട്ടതു്. പിയെസ്പി-എസ്സി ലയനം താൽക്കാലികമായിരുന്നുവെന്നുള്ള കമ്മത്തിന്റെ പ്രഖ്യാപനത്തെ എസ് എസ്. പി. പ്രൈമർമാൻ ജോഷിയും ജനറൽസെക്രട്ടറി രാജനാരായണനും ശക്തിയായി എതിർത്തു.

സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി പിണങ്ങിപ്പോയവർ തിരിച്ചുവരണമെന്നും എസ്. എസ്. പി. യുടെ വാതിലുകൾ എപ്പോഴും അവർക്കുവേണ്ടി തുറന്നിട്ടിരിക്കുമെന്നും ജോഷി പറഞ്ഞു.

....

പരസ്പരം തെറ്റാദ്ധാരണകൾ നീക്കി മന്നോട്ടു പോകും

മദിരാശിയിലെ ജനങ്ങളോടു് പ്രധാനമന്ത്രി ശാസ്ത്രിയുടെ അഭ്യർത്ഥന

(പി. ടി. ഐ.) ന്യൂഡൽഹി, ജനു. 31

ഇന്ത്യഗവണ്മെന്റിന്റെ ഹിന്ദിനയം മദിരാശിയിലെ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കാൻ ഗവണ്മെന്റു് സന്നദ്ധമാണെന്നു് പ്രധാനമന്ത്രി ശാസ്ത്രി പ്രഖ്യാപിച്ചിരിക്കുന്നു.

ഹിന്ദി ഔദ്യോഗികഭാഷയാക്കിയതിനെതിരായി ദ്രാവിഡമുന്നേറ്റകഴകം അവിശ്വസിച്ച പ്രക്ഷോഭണപരിപാടികളെ അവർ സ്വീകരിച്ചുകഴിഞ്ഞു. ഇനിയും ഈ പ്രശ്നത്തെപ്പറ്റി സമാധാനപരമായും ശാന്തമായും ക്ഷമയോടുംകൂടി ചിന്തിക്കുന്നതിനുള്ള സമയമാണിതു്. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം അതിന്റെ നയം യഥേഷ്ടം വിശദീകരിച്ചുകൊടുക്കുവാൻ അതു് സന്നദ്ധമാണ്.

ഹിന്ദി ഔദ്യോഗികഭാഷയാക്കിയതിനെത്തുടർന്നു് ഉളവായിട്ടുള്ള ബുദ്ധിമുട്ടുകളെപ്പറ്റി ചർച്ചചെയ്യാൻ മദിരാശി മുഖ്യമന്ത്രി അവിടത്തെ വിദ്യാർത്ഥിസമൂഹത്തെ ക്ഷണിച്ച നടപടി ശാസ്ത്രി അംഗീകരിച്ചു. വിദ്യാർത്ഥികളുടെ ഭാഗത്തുള്ള ഭയപ്പാടുകൾ ദൂരീകരിക്കാൻ ഈ ചർച്ച ഉപകരിക്കും.

മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്താൻ വിദ്യാർത്ഥികളെ മുഖ്യമന്ത്രി ആഹ്വാനംചെയ്തു.

ഭാഷാപ്രശ്നം സംബന്ധിച്ച മദിരാശിയിലെ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഉള്ള തെറ്റിദ്ധാരണകൾ വേഗം ജനകരണം. അവ പൂർണ്ണമായും ദൂരീകരിക്കപ്പെടുമെന്നു് ഗവണ്മെന്റു് ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ വേണ്ടതു സഹകരണം നൽകുന്നില്ലെങ്കിൽ മാത്രമേ ഗവണ്മെന്റിനെ കാടാപ്പെടുത്താനാവൂ.

കോൺ: സ്ഥാനാർത്ഥിലിസ്റ്റ് ഇന്നു് പുറത്താകും

[പി ടി ഐ] കോയമ്പത്തൂർ, ജനു. 31

താൻ നാളെ എറണാകുളത്തേക്കു പോകുന്നുവെന്നും അവിടെവച്ചു കോൺഗ്രസ്സ് സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണെന്നു് കോയമ്പത്തൂർ വിമാനത്താവളത്തിൽവച്ചു് കോൺഗ്രസ്സ് ഇന്നു് പത്രലേഖകരോടു് പറഞ്ഞു.

മുത്തയ്യാതേവരും കൂട്ടരും അറസ്റ്റിൽ

(പി ടി ഐ) മധുര, ജനു. 31

പി കെ. മുത്തയ്യാതേവർ എം എൽ. എയും (ഫോർവേഡ്ബ്ലോക്ക്) മറ്റു ഏഴുപേരും കത്തതടങ്കൽനിയമമനുസരിച്ച് ഇന്നു രാവിലെ പോലീസ് അറസ്റ്റുചെയ്തിരിക്കുന്നു.

ഇവിടെ നിലവിലിരിക്കുന്ന 144 ലംഘിക്കുവാൻ ഇവർ തീരുമാനിച്ചതാണ് അറസ്റ്റിനു കാരണം.

കൊച്ചിയിലെ കപ്പൽ നിർമ്മാണകേന്ദ്രം

ഒരു കരാറിൽ ഇന്നു് ഒപ്പുവയ്ക്കും

(എ എഫ് പി) തിരുവനന്തപുരം, ജനു: 31

കൊച്ചിയിൽ മൂന്നുയിലെ രണ്ടാമത്തെ കപ്പൽ നിർമ്മാണകേന്ദ്രം നിർത്തിക്കുന്നതു സംബന്ധിച്ചു് ഇന്ത്യാഗവണ്മെന്റുമായി ഒരു അമേരിക്കൻ കമ്പനിയുമായി ഒരു ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്നതായിരിക്കുമെന്നു് ഇന്നു രാവിലെ പ്രഖ്യാപിക്കപ്പെട്ടു.

അമേരിക്കൻ കമ്പനിയായ ഇന്റർനാഷണൽ മർച്ചന്റ് മറൈൻ കൺസ്ട്രക്ഷൻ കോർപ്പറേഷനുമായാണ് ഈ കരാർ ഒപ്പുവയ്ക്കുന്നതു്. ഈ കമ്പനിയുടെ പ്രസിഡന്റ് മി. ഇമ്മാനുവൽ കുന്നിലാണ് ഈ വിവരം ഇന്നു രാവിലെ പ്രഖ്യാപിച്ചതു്.

കരാറനുസരിച്ചു് ഈ ജോയിന്റ് സ്ഥാപനം ഒരു അടിസ്ഥാനസൗകര്യം നടത്തുന്നതും കപ്പൽ നിർമ്മാണകേന്ദ്രത്തിന്റെ ഡിസൈൻ തെയ്യാറാക്കുന്നതും അതിനാവശ്യമായ ഉപകരണങ്ങൾ നിയമനുസരിച്ച് ഇന്നു വാങ്ങുന്നതും പോലീസ് അറസ്റ്റുചെയ്തിരിക്കുന്നു.

ഇവിടെ നിലവിലിരിക്കുന്ന 144 ലംഘിക്കുവാൻ ഇവർ തീരുമാനിച്ചതാണ് അറസ്റ്റിനു കാരണം.

പതിനഞ്ചുമാരെ തിരിച്ചെടുക്കില്ല

ചാക്കോയുടെ ഏതാനും അനുഭാവികളെ കോൺഗ്രസ്സിൽ ചേരാനനുവദിക്കുമെന്നു് കാമരാജ്

(പി ടി ഐ) മധുര, ജനു 31

മദിരാശി സംസ്ഥാനത്തെ ഹിന്ദി വിരുദ്ധ പ്രക്ഷോഭണം മൂലം മുഖ്യമായിട്ടുള്ള സ്ഥിരിഗതികളപ്പറ്റി കോൺ: പ്രസിഡണ്ടു് കാമരാജ പ്രധാനമന്ത്രി ശാസ്ത്രിയുമായി ഇന്നു് വിമാനത്താവളത്തിൽ വെച്ചു് സംഭാഷണം നടത്തിയിരിക്കുന്നു.

പ്രധാനമന്ത്രി ന്യൂഡൽഹിയിൽനിന്നും തിരുവനന്തപുരത്തേക്കുവരുന്നവഴിയാണു് സംഭാഷണമുണ്ടായതു്.

ഭാഷാപ്രശ്നത്തിൽ സംസ്ഥാനത്തിനു് എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ടെങ്കിൽ അതു് പരിഹരിക്കപ്പെടുവാനുതയുള്ളവനാണു് കാമരാജ് പിന്നീടു് പത്രലേഖകരോടു് പറഞ്ഞു.

ഭാഷാപ്രശ്നം എന്തായാലും രാഷ്ട്രീയത്തിൽനിന്നു മാറിനിൽക്കുവാൻ കഴിയുന്നതാണെന്നു് കാമരാജ് പ്രസ്താവിക്കുകയുണ്ടായി.

തിരിച്ചെടുക്കില്ല

ശങ്കർ മന്ത്രിസഭയുടെ പതനത്തിനു തൊട്ടുമുമ്പു് കോൺഗ്രസ്സിൽനിന്നും പുറത്താക്കപ്പെട്ട പതിനഞ്ചുപേരെ തിരിച്ചെടുക്കുന്നതിനുള്ള പ്രശ്നത്തെപ്പറ്റിയാണു് കാമരാജ് പ്രസ്താവിച്ചതു്. ഇവരെ തിരിച്ചെടുക്കുന്നതിനുള്ള പ്രശ്നമില്ലെന്നു് കാമരാജ് പറഞ്ഞു.

കോൺഗ്രസ്സിൽ ഇന്നു് യാതൊരു ഭിന്നിപ്പുമില്ലെന്നും കാമരാജ് അവകാശപ്പെട്ടു.

ഉറങ്ങാത്ത മനുഷ്യൻ

ഇക്കഴിഞ്ഞ 60 വർഷങ്ങളായി ഒരു നിമിഷംപോലും ഉറങ്ങാതെ രാപകൽ ജോലിചെയ്തു് ആരോഗ്യദൃഢഗാത്രനായിരിക്കുന്ന ഒരു മനുഷ്യൻ സ്വയിനിലുണ്ടു്. വാല്ടർ മെഡിനാഹ് എന്നാണു് കർഷകനായ ഈ മനുഷ്യന്റെ പേരു്. അദ്ദേഹം കട്ടിലിലേക്കു മുതൽ ഇന്നോളം ഉറങ്ങിയിട്ടില്ല. ഇതുവരെ ശാസ്ത്രജ്ഞന്മാർക്കു് ഇതിനുള്ള കാരണം കണ്ടുപിടിക്കാനും കഴിഞ്ഞിട്ടില്ല. ഇതുവരെ നടത്തിയ ഡോക്ടർമാർ ഉറക്കമെന്നുള്ള കാര്യത്തിൽ ഇദ്ദേഹത്തിനു നഷ്ടപ്പെട്ടിരിക്കുന്നതു് ഒന്നുമാത്രമാണെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിനു് ഇപ്പോൾ 68 വയസ്സായി. കാരണമായ വാൽടർ ഇന്നും മുടി കോതുന്നതും ഷേവുചെയ്യുന്നതുമെല്ലാം ഇദ്ദേഹം തന്നെയാണു് ചെയ്യുന്നതു്. ഇതിനുപുറമെ ദിവസം 16 മണിക്കൂർ കൃഷിജോലിയും ചെയ്യുന്നുണ്ടു്. രാത്രി കൂട്ടുകാരെ സൃഷ്ടിക്കുകയും അല്പനേരം വായിക്കുകയും ചെയ്യും.

അദ്ദേഹം പറയുന്നു: "ഞാൻ വെറും തറയിൽ കിടക്കും. മൂലധനം ചെയ്യുന്നതിനുവേണ്ടി ഞാൻ ഒരിക്കലും കടം വാങ്ങിയിട്ടില്ല. ഒരു ഡോക്ടറുടെയും ഉപദേശം സ്വീകരിച്ചിട്ടുമ

മലമ്പുഴയിൽനിന്ന് തൃശ്ശൂർ ജില്ലക്ക് വെള്ളം നല്കും

പാലക്കാട്ട് ഡി. ഡി. സി. തീരുമാനം

(സ്വന്തം ലേഖകൻ) പാലക്കാട്ട്, ജ: 31

മലമ്പുഴ വെള്ളം ചൂലനൂർ തോട്ടുവഴി തൃശ്ശൂർ ജില്ലയിലുള്ള പാമ്പാടിയിലേക്ക് തിരിച്ചുകൊണ്ടുപോകുന്നത് സംബന്ധിച്ചുള്ള പണി ആരംഭിക്കുന്നതിന് ഇന്നു മുനിസിപ്പൽ കൌൺസിൽഹാളിൽ ചേർന്ന പാലക്കാട്ട് ജില്ലാ വികസന സമിതി യോഗം അംഗീകാരം നല്കിയിരിക്കുന്നു.

അതോടൊപ്പം പൊന്നാനി താലൂക്കിലെ ജലസേചനസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ ചീരക്കുഴി പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ കാര്യംകൂടി പ്രത്യേകം പരിഗണനക്ക് വിധേയമാക്കണമെന്നു ഗവണ്മെണ്ടിനോടു അപേക്ഷിക്കാനും യോഗം തീരുമാനിച്ചു.

ചിററൂർ താലൂക്കിലെ കരിമ്പു കൃഷി വികസനത്തിനുവേണ്ടി മൂങ്കിൽമട പ്രദേശത്തേക്ക വിദ്യുച്ഛക്തി ലൈൻ നീട്ടുന്നതിനു മുൻഗണന നൽകുന്നതിനും, പൊന്നാനി താലൂക്കിലുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും കഴിയുന്നതും വേഗം വിദ്യുച്ഛക്തി ലഭ്യമാക്കിക്കൊടുക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യാനും യോഗം തീരുമാനമെടുത്തു. ജില്ലയിലെ മണ്ണുസംരക്ഷണ പദ്ധതി വാരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും കർഷകരുടെ ഇടയിൽ ആ പരിപാടികൾക്കാവശ്യമായ പ്രചരണം സിദ്ധിക്കുന്നതിനും മണ്ണുസംരക്ഷണവകുപ്പിന്റെ പ്രവർത്തനം കൃഷിവകുപ്പ്, ബ്ലോക്കുകൾ, പഞ്ചായത്തുകൾ എന്നിവയുമായി ഏകോപിപ്പിച്ച് നടത്തേണമെന്നുള്ള നിർദ്ദേശം യോഗം അംഗീകരിച്ചു.

നടപ്പുസാമ്പത്തികവർഷത്തിൽ ജില്ലയിലെ പദ്ധതിപ്രവർത്തന പുരോഗതി യെപ്പററി യോഗം സമഗ്രമായി ചർച്ച ചെയ്തു. 1964 ഡിസംബർ മാസവസാനംവരെ വിവിധ വികസനപ്രവർത്തനങ്ങൾക്കായി 152.313 ലക്ഷം ക. ചിലവിട്ടിട്ടുള്ള വിവരം അദ്ധ്യക്ഷൻ വെളിപ്പെടുത്തി ഇതു ആകെ ഒതുക്കിയതിന്റെ 53 ശതമാനം വരും. ദേശീയ സമ്പാദ്യപദ്ധതിയുടെ വിവിധ നിക്ഷേപങ്ങളിലായി ഇക്കൊല്ലം ഇതുവരെ 23 ലക്ഷത്തോളം ക. പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്നും എന്നാൽ ഈ കാലയളവിൽ കഴിഞ്ഞകൊല്ലം പിരിഞ്ഞുകിട്ടിയത് 19 ലക്ഷം ക. ആയിരുന്നുവെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു.

...

ഹിന്ദി ദിനം

തൃശ്ശൂർ, ജനു. 30

ഹിന്ദി കേന്ദ്ര ഗവണ്മെണ്ടിന്റെ ഒരു ഔദ്യോഗിക ഭാഷയായി, ഉപയോഗിച്ചു തുടങ്ങിയിട്ടുള്ള സുദിനമായ 1965 ജനുവരി 26' ആഘോഷിക്കുന്നതിന്നു തൃശ്ശൂർ ടെലിഗ്രാഫ് ഡിവിഷണൽ ഇഞ്ചിനീയറാഫീസ് പരിസരത്തുവെച്ച് കേന്ദ്രീയ സചിവാലയ ഹിന്ദീപരിഷദ് (കേരള) തൃശ്ശൂർ ശാഖയുടെ ആഭിമുഖ്യത്തിൽ ശ്രീ ടി എച്ച് കൃഷ്ണയ്യരുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേർന്നു. ശ്രീ ആർ വി നായക് സ്വാഗതം പറഞ്ഞു.

സെൻറ് തോമസ് കോളേജ് ഹിന്ദി പ്രൊഫസർ ശ്രീ പരമേശ്വരമേനോൻ ശ്രീകേരളവർമ്മ കോളേജിലെ ഹിന്ദി ലക്ചററായ ശ്രീ സുധാംശു ചതുർവ്വേദി എം എ എന്നിവർ പ്രസംഗിച്ചു.

ഈ ദിനത്തോടനുബന്ധിച്ച നടത്തിയ പ്രബന്ധമത്സരത്തിലും പ്രസംഗമത്സരത്തിലും വിജയികളായവർക്ക് അദ്ധ്യക്ഷൻ സ്വീകരണാർത്ഥം ഏർപ്പെടുത്തിയ വിലപിടിച്ച സമ്മാനങ്ങൾ നൽകുകയുണ്ടായി ശ്രീമാന്മാർ കെ വി രാജൻ, കുഞ്ഞമ്മു, ശ്രീമതിമാർ ഉമാദേവി, രാധ എന്നിവർ ഒന്നാംസമ്മാനങ്ങൾ കരസ്ഥമാക്കി. ശ്രീ നാരായണൻനായരുടെ നന്ദിപ്രകടനത്തിനുശേഷം ദേശീയ ഗാനാലാപത്തോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

പഞ്ചായത്ത് വാർഷികയോഗം

ചാവക്കാട്ട്, ജ. 30

പൂക്കോട് പഞ്ചായത്തിന്റെ വാർഷികം കോട്ടപ്പടി ആർ. സി യു പി സ്കൂൾഗ്രൌണ്ടിൽവെച്ച് കെ പി മാധവപ്പിഷാരടിയുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചിരിക്കുന്നു. യോഗത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ നാരായണൻനമ്പൂതിരി റിപ്പോർട്ട് വായിച്ചു. പി ഹരിദാസ് പ്രസംഗിച്ചു. വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. നാടകമത്സരത്തിൽ ഒന്നാംസമ്മാനം ജി. [illegible] ഡ്രാമാററിക്കൽ തിയ്യേറററ്സിന്റെ വിത്തുമ്മ് കൊയ്യുന്നു എന്ന നാടകത്തിനാണ് ലഭിച്ചത്. രണ്ടാംസമ്മാനം പരിക്കാത്ത വീട്ടുകൾ എന്നനാടകത്തിന് ബി എസ് എസ് സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്ബ് പത്തംപള്ളിയും കരസ്ഥമാക്കുകയുണ്ടായി ഏററവുംകൂടുതൽ പോയിൻറും ജിംഖാന [illegible] തായ്യൂററർസാണ് നേടിയത്.

കപ്പൽസർവ്വീസുകാരുടെ സമ്മേളനം

ന്യൂഡൽഹി, ജ 30

കൽക്കത്ത, ഇന്ത്യയുടെ പൂർവ്വതീരം, പൂർവ്വപാകിസ്ഥാൻ എന്നിവടങ്ങളിൽ നിന്ന് അമേരിക്കയിലേക്ക് കപ്പൽസർവ്വീസ് നടത്തുന്നവരുടെ ഒരു സമ്മേളനം ഇവിടത്തെ അശോകാ ഹോട്ടലിൽ വിളിച്ചുകൂട്ടുകയുണ്ടായി. ഇന്ത്യയിൽവച്ച് നടത്തുന്ന ആദ്യത്തെ ഈ സമ്മേളനത്തിന് ആതിഥേയത്വം വഹിച്ചവരിൽ സിന്ധ്യാസ്റ്റീം നാവിഗേഷൻ കമ്പനി ലിമിററഡ് ഇന്ത്യൻ ഷിപ്പിങ്ങ് കോർപ്പറേഷൻ എന്നിവയും ഉൾപ്പെടുന്നു.

സമ്മേളനം തുടങ്ങുന്നതിനു മുമ്പ് പ്രതിനിധികൾ റിപ്പബ്ലിക് ദിനപരേഡ് വീക്ഷിക്കയും അതു് അവരെ അത്യധികം ആനന്ദിപ്പിക്കുകയും ചെയ്തു.

ഇന്ത്യയുടെ പൂർവ്വതീരവും അമേരിക്കയും തമ്മിലുള്ള വ്യാപാരനിലയെപ്പററി [illegible] രണ്ട് ദിവസത്തെ പൊതുചർച്ചകൾക്കുശേഷം പ്രതിനിധികൾ ഗതാഗതവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ: നാഗേന്ദ്രസിംഗിനേയും വകുപ്പിലെ മററ് ഉദ്യോഗസ്ഥന്മാരേയും സന്ദർശിക്കുകയുണ്ടായി.

കൽക്കരിഖനിത്തൊഴിലാളികളുടെ സാമ്പത്തികനില മെച്ചപ്പെടുത്തണം

സഞ്ജീവയ്യയുടെ പ്രസംഗം

ബെല്ലംപള്ളി, ജനു. 31

വളരെ കഠിനവും ശ്രമകരവുമായ ജോലിചെയ്യുന്ന ഖനിത്തൊഴിലാളികളുടെ സാമൂഹ്യ_സാമ്പത്തിക സാഹചര്യങ്ങൾ വേണ്ടവിധം മെച്ചപ്പെടുത്തേണ്ടതാണെന്നു കേന്ദ്ര തൊഴിൽകാര്യമന്ത്രി ഡി. സഞ്ജീവയ്യ ഇന്നിവിടെ പ്രസ്താവിച്ചു

കൽക്കരി ഖനിത്തൊഴിലാളി ക്ഷേമനിധിയുടെ ഉപദേശകസമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൽക്കരിഖനിത്തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ചെയ്തിട്ടുള്ള ജോലികളേയും, ചെയ്യേണ്ട ലക്ഷ്യങ്ങളെയും കുറിച്ച് അദ്ദേഹം പരാമർശിച്ചു.

കൽക്കരിഖനിത്തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യസഹായ ഏർപ്പാടുകളെക്കുറിച്ച് മന്ത്രി പരാമർശിച്ചു. സ്വന്തം വൈദ്യസ്ഥാപനങ്ങൾ നടത്തുന്നതിനുപുറമെ, സ്വകാര്യ ആസ്പത്രികളിൽ കിടക്കകൾ റിസർവ്വ്ചെയ്യുകയും കൽക്കരിഖനി പ്രദേശങ്ങളിൽ ഡിസ്പൻസറികൾ നടത്തുന്നതിന് ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ രണ്ടു ദശകങ്ങളിലെപ്പോലെ, മലമ്പനി ഇന്നിപ്പോൾ കൽക്കരിഖനി പ്രദേശങ്ങളിൽ ഒരു പ്രശ്നമല്ല.

രാജ്യത്തിന്റെ പൊതുവായ സാമ്പത്തികസ്ഥിതിഗതികളെ മുൻനിറുത്തി വെൽഫെയർ സെസ്സ് വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശം തല്ക്കാലത്തേക്കു മാററിവെച്ചിരിക്കയാണെന്ന് സഞ്ജീവയ്യ യോഗത്തിൽ വെളിപ്പെടുത്തി.

...

തോട്ടം തൊഴിലാളികളുടെ കൂലിനിരക്ക് പുതുക്കി

തിരുവനന്തപുരം, ജനു. 30

കേരളത്തിലെ റബ്ബർ തോട്ടങ്ങളിലേയും തേയില തോട്ടങ്ങളിലേയും തൊഴിലാളികളുടെ മിനിമം കൂലിനിരക്ക് 1965 മാർച്ച് ഒന്നാംതീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഗവണ്മെണ്ട് ഉത്തരവായിരിക്കുന്നു.

നൂറ് ഏക്കറോ അതിലധികമോ വിസ്തീർണ്ണമുള്ള തേയിലത്തോട്ടങ്ങൾക്കും 200 ഏക്കറോ അതിലധികമോ വിസ്തീർണ്ണമുള്ള റബ്ബർതോട്ടങ്ങൾക്കും ബാധകമായ നിരക്കുകൾ താഴെകൊടുക്കുന്നു.

ഫീൽഡ് തൊഴിലാളികൾ:	
പുരുഷന്മാർ	1.72
ടാപ്പിങ്ങുസ്ത്രീകൾ	1.51
മററുസ്ത്രീകൾ	1.31
കൌമാരപ്രായക്കാർ	1.06
കുട്ടികൾ	0.85
ഫാക്ടറിതൊഴിലാളികൾ:	
പുരുഷന്മാർ	1.88
സ്ത്രീകൾ	1.44
കൌമാരപ്രായക്കാർ	1.19

മേൽവിഭാഗത്തിൽ പെടാത്ത തോട്ടങ്ങളിലെ തൊഴിലാളികളുടെ പുതുക്കിയ കൂലിനിരക്ക് ചുവടെ ചേർക്കുന്നു.

ഫീൽഡ് തൊഴിലാളികൾ:	
പുരുഷന്മാർ	1.65
ടാപ്പിങ്ങുസ്ത്രീകൾ	1.47
മററുസ്ത്രീകൾ	1.27
കൌമാരപ്രായക്കാർ	1.04
കുട്ടികൾ	0.83
ഫാക്ടറിതൊഴിലാളികൾ:	
പുരുഷന്മാർ	1.88
സ്ത്രീകൾ	1.44
കൌമാരപ്രായമായവർ	1.17

പീസ്റേററ് നിരക്കിലുള്ള കൂലിയുടെ തോതും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ അടുത്ത ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

തൃശ്ശൂർജില്ലയിലെമൃഗസംരക്ഷണപ്രവർത്തനങ്ങൾ

തൃശ്ശൂർ ജനു. 30

മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കു വേണ്ടി തൃശ്ശൂർ ജില്ലയിൽ ഡിസംബർ അവസാനം വരെയായി ഈ സാമ്പത്തിക വർഷത്തിൽ 3, 85, 727 രൂപാ ചിലവഴിക്കുകയുണ്ടായി അതിൽ പ്രയുക്ത പോഷകാഹാര പരിപാടിയനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് 48, 324 രൂപയും [illegible] കോളേജ് എക്സ്റ്റൻഷൻ ഫണ്ടിൽ 47, 639 രൂപായും, പണിവികസനത്തിന്ന് 35, 972 രൂപയും സെൻറർ ഫോഷ്ലറിക്ക് 30, 932 രൂപയും പോഷകാഹാര ലാബറട്ടറിക്ക് 25, 578 രൂപയും വിനിയോഗിക്കപ്പെട്ടു. [illegible] കന്നുകുട്ടി [illegible] വേണ്ടി 20, 301 രൂപയും ചിലവഴിച്ചു.

സാമൂഹ്യവികസനം

ഡിസംബർ അവസാനംവരെയുള്ള ഈ സാമ്പത്തികവർഷത്തിലെ 9 മാസങ്ങളിൽ സാമൂഹ്യവികസനപ്രവർത്തനങ്ങൾക്കുവേണ്ടി തൃശ്ശൂർ ജില്ലയിൽ 1068585 രൂപാ ചിലവഴിക്കുകയുണ്ടായി.

കൃഷി പ്രദർശനങ്ങൾ

[illegible] ജില്ലയിൽ മുണ്ടകൻ കൃഷിക്കായി 1,146 കൃഷി പ്രദർശനങ്ങൾ നടത്തപ്പെടുകയുണ്ടായി. പുഞ്ചകൃഷിക്കാലത്ത് [illegible] ലും കൂടുതൽ പ്രദർശനപ്പെട്ടുകൾ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

...

തലസ്ഥാനത്ത് നിന്ന്

(സ്വന്തം പ്രതിനിധി) ജനുവരി 31

ഗവർണ്ണർ ശ്രീ വി. വി. ഗിരി ഫെബ്രുവരി ഒന്നാംതീയതി മലമ്പുഴക്കു പോകുന്നതും ഉച്ചയ്ക്കുശേഷം പാലക്കാട്ട ജില്ലാ ഉദ്യോഗസ്ഥന്മാരേയും പ്രമുഖ വ്യക്തികളേയും കാണുന്നതും രാത്രി കഞ്ചിക്കോട്ടെത്തി ക്യാമ്പുചെയ്യുന്നതുമാണ്. ഫെബ്രുവരി രണ്ടാംതീയതി വൈകുന്നേരം അദ്ദേഹം കോഴിക്കോട്ടെത്തി അവിടത്തെ കളക്ടറേററിൽവെച്ച് ജില്ലാ ഉദ്യോഗസ്ഥന്മാരേയും പ്രമുഖ വ്യക്തികളേയും കാണുന്നതും രാത്രി കോയമ്പത്തൂർക്കു പോകുന്നതുമാണ്. ഫെബ്രുവരി 3 ാംതീയതി അദ്ദേഹം അവിടെനിന്നും മദ്രാസിലേയ്ക്കുപോകുന്നതും 5 ാംതീയതി ഉച്ചയ്ക്കുശേഷം തിരുവനന്തപുരത്ത് തിരിച്ചെത്തുന്നതുമായിരിക്കും.

എസ്. എസ്. പി. ജില്ലാ കമ്മിററി

എസ്. എസ്. പി. തിരുവനന്തപുരം ജില്ലാ കമ്മിററിയുടെയും നിയോജക മണ്ഡലം സെക്രട്ടറിമാരുടെയും ഒരു സംയുക്തയോഗം ഫെബ്രുവരി 2 ാംതീയതി വൈകുന്നേരം 4 മണിക്ക് ജില്ലാ കമ്മിററി ആഫീസിൽവച്ച് കൂടുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

ജീപ്പും സ്കൂട്ടറും കൂട്ടി ഇടിച്ചു.

ചെങ്കൽചൂളയ്ക്ക് സമീപമുള്ള ജംഗ്ഷനിൽവച്ച് ഇന്നുച്ചയ്ക്ക് ഒരു ജീപ്പും സ്കൂട്ടറും തമ്മിൽ കൂട്ടിമുട്ടിയതിന്റെ ഫലമായി ജീപ്പിന് തീപിടിക്കുകയും ഒരു സൈനികന ചില പരിക്കുകളേൽക്കുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഒരു വശത്തുനിന്നും വന്ന സ്കൂട്ടർ ജീപ്പിന്റെ മുമ്പിൽ കൊരുത്തതുമൂലമാണ് അപകടമുണ്ടായതെന്ന് കരുതപ്പെടുന്നു. കൂട്ടിമുട്ടിയതിന്റെ ഫലമായി ജീപ്പിനു എണ്ണയോ തീപിടിക്കുകയും ജീപ്പിന്റെ ചില ഭാഗങ്ങൾക്കു കേടുപാടുകളും ചെയ്തിട്ടുണ്ട്. അടുത്തുള്ള ഫയർസ്റ്റേഷനിൽ നിന്നും ഫയർ എഞ്ചിൻ കൊണ്ടുവന്ന് തീ കെടുത്തിയതിനാൽ കൂടുതൽ നാശങ്ങളുണ്ടായില്ല. ജീപ്പിന്റെ അടിയിൽപ്പെട്ടുമ സ്കൂട്ടർ തകർന്നുപോയിട്ടുണ്ട്. റോഡിന്റെ നടുക്കുള്ള ഭാഗത്തു ജീപ്പ് ഒരുവശം ചരിഞ്ഞുകിടക്കുകയാണ്. ബാലരാമപുരം സ്വദേശിയായ ഹാർഡ് ജോർജ്ജ് എന്ന സൈനികനാണ് സ്കൂട്ടറിൽ യാത്രചെയ്തിരുന്നത്. അദ്ദേഹത്തിന്റെ പരിക്കുകൾ ഗുരുതരമല്ലെന്നറിയുന്നു. ജീപ്പ് ഓടിച്ചിരുന്നയാളിന്റെ അതിവിദഗ്ദ്ധമായ നിയന്ത്രണംകൊണ്ടായിരിക്കണം ജീപ്പിനകത്തുണ്ടായിരുന്നവരും സൈനികനും അത്ഭുതകരമാംവണ്ണം രക്ഷപ്പെടുകയുണ്ടായത്.

പോലീസ് സ്ഥലത്തുവന്ന് മഹസ്സർ തയാറാക്കി ഇതുസംബന്ധിച്ച് ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

...

162 വെള്ളാനകളുടെ പേരിൽ നടപടിയെടുക്കാൻ ആവശ്യപ്പെട്ടു

കേന്ദ്ര കുററാന്വേഷണ ബ്യൂറോയുടെ പ്രവർത്തനം

ന്യൂഡൽഹി, ജനു. 30

ബാംഗളൂരിലെ ഹിന്ദുസ്ഥാൻ എയറക്രാഫ്ററ് ലിമിററഡിലെ സൂപ്രവൈസർ എസ്. നരസിംഹനെ ജോലിയിൽനിന്നു പിരിച്ചുവിട്ടിരിക്കുന്നു. ആഭ്യന്തരവകുപ്പിലെ കേന്ദ്ര കുററാന്വേഷണ ബ്യൂറോയുടെ ശിപാർശപ്രകാരം അയാൾക്കെതിരെ ഡിപ്പാർട്ടുമെൻറ് മുഖേന തെളിയിക്കാൻ [illegible] ഇപ്രകാരം ചെയ്തത്. അസത്യവും വഞ്ചനാപരവുമായ രസീതികൾ ഉണ്ടാക്കി അയാൾ പല [illegible] പണം സമ്പാദിക്കയും ചെയ്തിട്ടുണ്ട്. 123 കേസുകളിൽ കഴിഞ്ഞ നവംബർ മാസത്തിൽ സ്വഭാവദൂഷ്യം അഴിമതി തുടങ്ങിയ കുററങ്ങൾക്ക് 20 ഗസററഡ് ഉദ്യോഗസ്ഥന്മാരേയും മററ് 142 ഗവണ്മെണ്ട് ജോലിക്കാരേയും പേരിൽ ഡിപ്പാർട്ടുമെൻറ് മുഖേന നടപടിയെടുക്കേണ്ടതാണെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുകയുണ്ടായി. റിപ്പോർട്ടുമാസത്തിൽ രണ്ട് ഗസററഡ് ഉദ്യോഗസ്ഥന്മാർക്ക് നിർബ്ബന്ധിത പെൻഷൻ നൽകി പിരിച്ചുവിടുകയും മററൊരാളുടെ ശമ്പളയിലിൽ രണ്ട് ഘട്ടങ്ങൾ താഴ്ത്തുകയും രണ്ട് വർഷത്തേക്ക് ഉദ്യോഗക്കയററം നിറുത്തിവയ്ക്കുകയും ചെയ്തു. ഗസററഡ് അല്ലാത്ത പതിനെട്ട് ഉദ്യോഗസ്ഥന്മാരിൽ ചിലരെ നിർബ്ബന്ധമായി റിട്ടയർ ചെയ്യിപ്പിക്കയും ഇപ്പോഴത്തെ പദവി, ശമ്പളം എന്നിവ കുറയ്ക്കുകയും ഇൻക്രിമെൻറ് മുടക്കുകയും ചെയ്തു.

അമേരിക്കയ്ക്ക് അനുസ്യൂതമായ ഐശ്വര്യം

ജോൺസന്റെ വാർഷിക റിപ്പോർട്ട്

വാഷിങ്ടൺ ജനു: 30

അമേരിക്കയ്ക്കു 'നിരന്തരവും ഊർജ്ജസ്വലവുമായ' സാമ്പത്തിക വികസനത്തിന്റെ മറെറാരു വർഷത്തെ ഉറപ്പാക്കാൻ കഴിയുമെന്ന് പ്രസിഡണ്ട് ജോൺസൺ വ്യാഴാഴ്ച പ്രസ്താവിച്ചിരിക്കുന്നു

കോൺഗ്രസ്സിനും രാഷ്ട്രത്തിനും സമർപ്പിച്ച അതിന്റെ വാർഷിക സാമ്പത്തിക റിപ്പോർട്ടിൽ സ്വർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള ഡോളറിന്റെ ഇപ്പോഴത്തെ വില പരിരക്ഷിക്കുമെന്ന് ജോൺസൺ പ്രതിജ്ഞ ചെയ്തു. അമേരിക്കയുടെ സാർവ്വദേശീയ വ്യാപാരത്തിൽ കൂടുതൽ സമതുലിതാവസ്ഥ സംജാതമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി കോൺഗ്രസ്സിനു ഒരു പ്രത്യേക സന്ദേശമയയ്ക്കുന്നതാണെന്നും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി.

കഴിഞ്ഞ നാലു വർഷങ്ങളായി അമേരിക്കൻ സമ്പദ്ഘടന ഉല്പാദിപ്പിച്ച സാമാനങ്ങളുടേയും സേവനങ്ങളുടേയും മൊത്തം തുക ആ വർഷംപ്രതി ശരാശരി [illegible] വീതം വർദ്ധിച്ചുവരികയായിരുന്നുവെന്നും 45 ലക്ഷം പുതിയ ജോലികൾ സൃഷ്ടിക്കപ്പെട്ടുവെന്നും പ്രസിഡണ്ട് റിപ്പോർട്ടുചെയ്തു അതേസമയം വിലകൾ സ്ഥിരമായിരുന്നുവെന്നും ഡോളർ ശക്തിപ്പെട്ടുവെന്നും അദ്ദേഹം പറഞ്ഞു.

'സ്വകാര്യ-പൊതുക്കാര്യ നയങ്ങളുടെ ഫലമായും നമ്മുടെ വികസനത്തെ നേരത്തെ അവസാനിപ്പിക്കുമായിരുന്ന സമ്മർദ്ദങ്ങളോ അസമതുലിതാവസ്ഥകളോ കൂടാതെയുമാണ് ഇന്നത്തെ ഐശ്വര്യപൂർണ്ണമായ നിലവാരത്തിൽ നാം എത്തിച്ചേർന്നത്' എന്ന് പ്രസിഡണ്ട് പ്രസ്താവിച്ച പ്രകാരം നിരന്തരവും ആരോഗ്യകരവുമായ സാമ്പത്തിക വളർച്ചയുടെ മറെറാരുവർഷം നാം ഉററുനോക്കുന്നു.

1965_ലെ മൊത്തം ദേശീയോല്പാദനം, സമ്പൽസ്ഥിതി, ഉല്പാദിപ്പിക്കുന്ന സാമാനങ്ങളും സേവനങ്ങളും 66000 കോടി ഡോളർ ആയിരുന്നേക്കാമെന്ന് പ്രസിഡണ്ടിന്റെ സാമ്പത്തികോപദേഷ്ടാക്കൾ കണക്കാക്കുന്നു. 1964-ലെ മൊത്തം ഉൽപാദനത്തെ അപേക്ഷിച്ച് 380 കോടികൂടുതലാണിസംഖ്യ. 1964 ലും 1963 നെ അപേക്ഷിച്ച് ഏതാണ്ട ശമായ വർദ്ധനയുണ്ടായി.

അമേ: സിനിമാ കമ്പനിക്കാർ കേരളത്തിലേയ്ക്ക്

മൈസൂർ, ജനു. 30

അമേരിക്കയിൽ കാലിഫോർണ്ണിയയിലെ കിംഗ് ബ്രദേഴ്സ് പ്രൊഡക്ഷൻസ് എന്ന സിനിമാ കമ്പനിക്കാർ 'മായാ ദി മെഗ്നിഫിസെൻറ്' എന്ന പേരിൽ ഒരു ചിത്രം നിർമ്മിക്കുന്നതിനായി ഇവിടെയെത്തിയിരിക്കുന്നു. ഈ ചിത്രത്തിനുവേണ്ടി മൈസൂരിലും, മദ്രാസിലും കേരളത്തിലുമുള്ള വനങ്ങളും ഷൂട്ട്ചെയ്യുന്നതിനായിട്ടാണ് അവർ എത്തിയിരിക്കുന്നത്. മി. വാക്കർ; 14 വയസ്സ് പ്രായമുള്ള ജയ്അത്ത് എന്നിവരും ഇന്ത്യൻ താരങ്ങളായ എസ്. ഐ. ജോഹർ, സജൂ് എന്നിവരുമാണ് ഈ ചിത്രത്തിൽ അഭിനയിക്കുന്നത്.

ദക്ഷിണേന്ത്യയിൽ താമസിച്ചിരുന്ന ഒരു അമേരിക്കൻ വേട്ടക്കാരനെ അന്വേഷിച്ച് അയാളുടെ മകൻ വരുന്നതും അവർ തമ്മിൽ ഭിന്നിച്ച് മകൻ വനത്തിൽ പോകുന്നതും അവിടെവെച്ച് മായം എന്നു പേരായ ഒരാനയേയും കുട്ടിയേയും സംരക്ഷിച്ചുകഴിയുന്ന ഒരു ഇന്ത്യൻ ബാലനെ കണ്ടുമുട്ടുകയും ചെയ്യുന്നതിന്റെ അടിസ്ഥാനമാക്കിയാണ് കഥ.

ഈ ചിത്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി അവർ ഉടനെ തന്നെ കേരളത്തിലെത്തുന്നതാണ്.

അംബാസഡർ വെററിലപ്പാറയിൽ

[സ്വ. ലേ] പാലക്കാട്ട്, ജനു. 29

അംബാസഡർ ഗോവിന്ദ രായൻ വെററിലപ്പാറയിലെത്തി കേരള ഗവണ്മെണ്ടുവക റബ്ബർ പ്ലാന്റേഷൻ സന്ദർശിക്കുകയും, വെററിലപ്പാറ നിവാസികളുടെ ഒരു മെമ്മോറാണ്ടം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

വെററിലപ്പാറയിലെത്തിയ അദ്ദേഹത്തെ വെററിലപ്പാറ വെൽഫയർ കമ്മിററി സെക്രട്ടറി സി. കെ. രാഘവമേനോൻ മാലയണിയിച്ച് സ്വീകരിക്കുകയും, വെററിലപ്പാറയിൽ അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിച്ചു കിട്ടണമെന്നാവശ്യപ്പെടുന്നതായ ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു.

വെററിലപ്പാറയിലെ സ്കൂൾ പ്രശ്നം പ്രത്യേകമായി പരിഗണിക്കാമെന്ന് അദ്ദേഹം നിവേദകസംഘത്തിനുറപ്പ് നൽകുകയുണ്ടായി.

വീട് കത്തി മൂന്നു പേർ മരിച്ചു

കണ്ണൂർ ജനു 30

കഴിഞ്ഞ ദിവസം രാത്രി രണ്ടു മണിയോടുകൂടി കൊററങ്കര പഞ്ചായത്തിൽപെട്ട ചെറുമ്പഴ ഹരിജൻ കോളണിയിലുള്ള ഒരു വീടിന് തീ പിടിച്ചതിന്റെ ഫലമായി വീട്ടിനുള്ളിൽ ഉറങ്ങിക്കിടന്നിരുന്ന പത്മിനി (28 വയസ്സ്) മകൾ സരസ്വതി (6) [illegible] വാസുവിന്റെ സഹോദരി ഭാനുമതി (12) ഇവർ വെന്തു മരിക്കുകയും ഗുരുതരമായ വിധത്തിൽ പൊള്ളലേററ് വാസുവിനെ (36) കണ്ണൂർ എൽ. എം. എസ്. ആശുപത്രിയിൽ എത്തിക്കുകയും ചെയ്തിരിക്കുന്നു. വിവരം അറിയിച്ചതനുസരിച്ച് [illegible] രണ്ടു ഫയർ എഞ്ചിൻ വന്ന ചേർന്നുവെങ്കിലും കോളനിയിലുള്ള മററ് മൂന്നുനാലു വീടുകൾക്ക് അപകടമൊന്നുമുണ്ടായില്ല. ഒരു മണ്ണെണ്ണ വിളക്ക് കൊളുത്തി വെച്ചിരുന്നതിനാലാണ് അഗ്നിബാധയുണ്ടായതെന്ന് പറയപ്പെടുന്നു.

(സ്വ. ലേ)

കോളാമ്പിക്കായ കഴിച്ച് മരിച്ചു

(സ്വ ലേ) പാലക്കാട്ട്, ജനു. 30

മാങ്കുറുശ്ശിയിലെ അയ്യപ്പന്റെ മകൾ വെള്ള എന്ന സ്ത്രീയെ കോളാമ്പിക്കായ അരച്ചുകുടിച്ചു അവശയായ നിലയിൽ ഇന്നലെ ഹെഡ്ക്വാർട്ടേഴ്സ് ആസ്പത്രിയിൽ പ്രവേശിപ്പിക്കുകയും രാത്രി മരണമടയുകയും ഉണ്ടായി. പാലക്കാട്ട് ടൌൺ പോലീസ്സ് ശവം ഇൻക്വസ്റ്റ് നടത്തി ഒരു കേസ്സ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരുന്നു.

...

കോൺ: പ്രസിഡണ്ടുമായുള്ള സംഭാഷണം തകർന്നു

ബിഷപ്പ്സ് കോൺഫറൻസ് നിയോഗിച്ച കോണ്ടാക്ട് കമ്മററി നേതാവിന്റെ പ്രസ്താവന

തിരുവനന്തപുരം, ജനു. 30

ക്രിസ്ത്യൻ ബിഷപ്പ്സ് കോൺഫറൻസിൽനിന്നു നിയോഗിച്ചിരുന്ന കോണ്ടാക്ട് കമ്മററിയും കോൺഗ്രസ് പ്രസിഡണ്ടുമായി ഇന്നും കൂടിക്കാഴ്ച നടന്നതിൽ സംഭാഷണം പാടെ പരാജയപ്പെട്ടിരിക്കുന്നു. മുൻ എം. പി. ശ്രീ സി. പി. മാത്യുവിന്റെ നേതൃത്വത്തിലാണ് കമ്മിററി ഇന്നു കാമരാജിനെ കണ്ടത്. "സംഭാഷണം ഒട്ടും ആശാവഹമല്ല" എന്നു മാത്രമാണ് സംഭാഷണം കഴിഞ്ഞിറങ്ങിയ സി. പി. മാത്യു പത്രപ്രതിനിധികളോട് പ്രസ്താവിച്ചത്.

ആരുടെ വീഴ്ചമൂലമാണ് ഈ തകർച്ച എന്നു ചോദിച്ചതിൽ തൽക്കാലം ഒന്നും പറയാനാഗ്രഹിക്കുന്നില്ലെന്നു മാത്രമായിരുന്നു മറുപടി.

ഇതോടെ ഈ കമ്മററിയുടെ ദൗത്യം അവസാനിച്ചു. ഇനി ഇവർ കോൺ. പ്രസിഡണ്ടിനെ ഈ കാര്യംപ്രമാണിച്ച് കാണുന്നതല്ല.

...

കടിവലി വീണ്ടും നീളുന്നു

(സ്വ ലേ) തിരുവനന്തപുരം, ജനു. 30

കോൺഗ്രസ്സിനകത്തെ സീററിനുള്ള കടിവലി അവസാനിപ്പിക്കുന്നതിന്ന് കോൺഗ്രസ്സ് പ്രസിഡണ്ട് കാമരാജിനു കഴിയാതിരുന്നതിന്റെ ഫലമായി കോൺഗ്രസ്സ് സ്ഥാനാർത്ഥി ലിസ്റ്റ് ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യുമ്പോലെ പൂർത്തികരിക്കപ്പെട്ടിട്ടില്ല എന്നു സൂക്ഷ്മമായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.

നാളെ കാമരാജ് ബാംഗളൂർക്ക് പോകും മുമ്പ് ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്നാണ് ഇന്നലെ എ ഐ സി സി ജ. ഠ സെക്രട്ടറി മണിയൻ പറഞ്ഞത്. എന്നാൽ ലിസ്റ്റ് ഇനിയും പൂർത്തിയാക്കപ്പെട്ടിട്ടില്ലെന്നും കാമരാജ് ബാംഗളൂർ സന്ദർശനാനന്തരം ഫെബ്രുവരിഒന്നിന്ന് തിരിച്ചു വന്നിട്ടേ ലിസ്റ്റിന്റെ അററകുററപ്പണിയും പ്രസിദ്ധീകരണവും നടക്കുകയുള്ളു എന്നും മനസ്സിലാവുന്നു.

ഇന്ന് മി. മണിയൻ പത്രക്കാരോട് ലിസ്റ്റ് ഫെബ്രുവരി ഒന്നിന്ന് എറണാകുളത്തുവച്ച് പ്രസിദ്ധീകരിക്കുമെന്ന് പറയുകയുണ്ടായി. കാമരാജ് അന്നാണ് ബാംഗളൂർനിന്ന് എറണാകുളത്തെത്തുന്നത്.

കാമരാജ് ഫെബ്രുവരി മൂന്നിന്നു ശാസ്ത്രിയുമൊന്നിച്ച് മദിരാശിയിലേക്ക് മടങ്ങുന്നതാണ്.

അവിടെനിന്നുതന്നെ !!!

[സ്വ ലേ] പാലക്കാട്ട്, ജനു. 31

അധികവില കൊടുത്തു വാങ്ങിയ 56 കിലോഗ്രാം അരി 2195_ാം നമ്പ്ര് ലോറിയിൽനിന്നു മംഗലം ചെക്കപോസ്റ്റിൽവച്ച് സിവിൽസപ്ലൈ സബ്ബ് ഇൻസ്പെക്ടറും പാർട്ടിയും ചേർന്ന് പിടിച്ചെടുത്തു. ചങ്ങനാശേരിക്കാരനായൊരു ചാക്കോവിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തു അന്വേഷിച്ചുവരുന്നു.

വിഷബാധയേററു മരിച്ചു

(സ്വ ലേ) പാലക്കാട്ട്, ജനു. 31

വിഷാംശം കലർന്ന ആഹാരം കഴിച്ചതിനെ തുടർന്ന് അവശനിലയിൽ വഹാബ് എന്നൊരു ചെറുപ്പക്കാരനെ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആസ്പത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായെങ്കിലും അല്പ സമയത്തിനുശേഷം മരണപ്പെടുകയുണ്ടായി.

പാലക്കാട്ട് വാർത്തകൾ

(സ്വ ലേ) പാലക്കാട്ട്, ജനു 31

അച്ചടിത്തൊഴിലാളി സംഘത്തിന് ധനസഹായം

പൊന്നാനി ജനതാ പ്രിൻറിംഗ് വർക്കേഴ്സ് സഹകരണസംഘത്തിന്ന് ഒരു സാങ്കേതിക വിദഗ്ദ്ധനെ നിയമിക്കുന്നതിലേയ്ക്കായി വ്യവസായവകുപ്പ് ജോയിൻറ് ഡയറക്ടർ (കോഴിക്കോട്ട്) 700 ക ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ചെറുകിട ജലസേചന പദ്ധതിക്ക് അംഗീകാരം

ഒററപ്പാലം താലൂക്കിൽ അററശ്ശേരിയിൽ മുണ്ടക്കോട്ടക്കൽ തോടിന് വിലങ്ങനെയായി ഒരു ക്രോസ് ബാർ നിർമ്മിക്കാനുള്ള പദ്ധതിയ്ക്ക് ഇന്നു ചേർന്ന ജില്ലാ വികസനസമിതി യോഗം അനുമതി നൽകിയിരിക്കുന്നു. ഈ ചെറുകിട ജലസേചന പദ്ധതി 28 ഏക്കറോളം സ്ഥലത്തിന് ജലസേചന സൗകര്യം നൽകും.

പാലക്കാട്ട് ജൂനിയർ കോളേജ്

പാലക്കാട്ട് ജൂനിയർ കോളേജ് തുറക്കുന്ന കാര്യം പരിഗണിച്ചുവരികയാണെന്നു ഗവണ്മെണ്ട് ജില്ലാ കലക്ടറെ അറിയിച്ചിരിക്കുന്നു. ആലത്തൂർ പൊന്നാനി പാലക്കാട്ട് എന്നിവിടങ്ങളിൽ ജൂനിയർ കോളേജുകൾ തുടങ്ങേണ്ടതാണെന്ന് നേരത്തെ ജില്ലാ വികസനസമിതി യോഗം ഗവണ്മെണ്ടിനോടാവശ്യപ്പെട്ടിരുന്നു.

സബ്ബ് ഇൻസ്പെക്ടർ സസ്പെൻഷനിൽ

ആലപ്പുഴ ജനു 30

എടത്വ പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ അബ്ദുൾ അസീസിന്റെ മേലുണ്ടായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ അന്വേഷണവിധേയനായി സർവ്വീസിൽ നിന്ന് സസ്പെൻറ് ചെയ്തിരിക്കുന്നു. ഡി. വൈ. എസ്. പി. ലക്ഷ്മണൻ നടത്തിയ പ്രാരംഭ അന്വേഷണഫലമായാണ് സസ്പെൻഷൻ ഉത്തരവിട്ടത്. (സ്വ. ലേ)

പച്ചരിതീററയും സുഖക്കേടും

പത്തൂർ, ജനു. 41

പത്തൂർ 345 ാം നമ്പ്ര [illegible] 2 മാസമായി പച്ചരിതന്നെയാണ് കൊടുക്കുന്നത്. തന്നിമിത്തം അനവധി ആളുകൾക്ക് ഛർദ്ദിയും വയററിളക്കവും മററും സംഭവിക്കുന്നുണ്ട്. കൊച്ചുകുട്ടികളാണ് ഈ പച്ചയരി തീററ മൂലം വിഷമം അനുഭവിക്കുന്നത്. ഈ അവസ്ഥക്ക് പരിഹാരംവരുത്തണം.

കണ്ണീരിൽ മുങ്ങിയ വിപ്ലവവീര്യം

കണ്ണൂർ, ജനു. 31

കഴിഞ്ഞ ദിവസം കണ്ണൂർവെച്ച് നടന്ന കേരളാ കോൺ: യോഗത്തിൽ ശ്രീ ആർ. ബാലകൃഷ്ണപിള്ള വളരെയേറെ ശ്രദ്ധേയനായിരുന്നു. ചാക്കോയുടെ കാര്യം അനുസ്മരിച്ചുകൊണ്ടായിരുന്നു ബാലകൃഷ്ണപിള്ള പ്രസംഗം തുടങ്ങിയത്. മുന്നു് സ്വരം മാറുകയും കവിളുകൾ നനയുകയും ചെയ്യുന്നതായി കാണാമായിരുന്നു. ഈ ഭാഗം വന്നപ്പോൾ നിങ്ങളുടെ ലേഖകൻ പ്രത്യേകം ശ്രദ്ധിച്ചു. ഇടക്ക് എങ്ങലടിച്ച് കരയുകയാണ്. സുമാർ 5 മിനിററ നേരത്തേയ്ക്ക് ബാലകൃഷ്ണപ്പിള്ളയുടെ കരച്ചിൽ നീണ്ടുനിന്നു. പിന്നെ സ്വതസിദ്ധമായ വിപ്ലവവീര്യം ഒഴുകാൻ തുടങ്ങി. കരച്ചിലിൽനിന്നാരംഭിച്ച പ്രസംഗം തീപ്പിടിച്ച കയറുന്നതു കണ്ടപ്പോൾ പലരും പറയുന്നതു കേൾക്കാമായിരുന്നു: 'ഗ്ലിസറിന്റെ മൂച്ച് തീർന്നു.'

ബോട്ട് കത്തി 3 പേർ ആശുപത്രിയിൽ

ആലപ്പുഴ ജനു. 30

ഇന്ന് രാവിലെ സ്ഥലം ബോട്ടുജട്ടിയിൽ ഒരു സർവ്വീസ് ബോട്ടിന്റെ എൻജിൻ സ്റ്റാർട്ട് ചെയ്യവേ കാർബ്യൂറേറർ പൊട്ടി തീ ആളിക്കത്തുകയും മൂന്നു ബോട്ടുജോലിക്കാർക്ക് പൊള്ളലേല്ക്കുകയും ചെയ്തിരിക്കുന്നു. അവരെ സ്ഥലം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

(സ്വ. ലേ)

പത്തൂരിൽ മസൂരി പടരുന്നു

പത്തൂർ, ജ 31

പത്തൂരിൽ മന്നാമംഗലം, വെട്ടുകാട്ട്, ആശാരികാട്ട്, തമ്പ്രാട്ടിമൂല, എളപ്പുംകോട്ട്, കൈനൂർ, എരവിമംഗലം മുതലായ സ്ഥലങ്ങളിൽ മസൂരി പടർന്നു പിടിച്ചിരിക്കയാണ്. വെട്ടുകാട്ടിൽ മഞ്ഞിളി അന്തോണി ഇതുമൂലം മരണമടഞ്ഞു. ഹെൽത്ത് ഡിപ്പാർട്ടുമെണ്ട് ഇതിൽ ഒന്നു ശ്രദ്ധ വയ്ക്കാൻ തരമാക്കിയില്ല

★

Printed and Published by Paul Valappila for the A. C. P Institute at the Thozhilali Press Trichur

അമേ. ആഭിമുഖ്യത്തിൽ പ്രസംഗങ്ങളും ചർച്ചകളും ശ്രീ വെങ്കടേശ്വര സർവ്വകലാശാലയിൽ

തിരുപ്പതി, ജനു. 30

ശ്രീ വെങ്കടേശ്വര സർവ്വകലാശാലയിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും സംബന്ധിക്കുന്ന ചർച്ചകളും പ്രസംഗങ്ങളുമടങ്ങിയ ഒരു പ്രത്യേക പരിപാടിയിൽ വിവിധ വിദ്യാമണ്ഡലങ്ങളിൽ വിദഗ്ദ്ധരായ ഇരുപതിൽപരം അമേരിക്കക്കാരും ഇന്ത്യക്കാരും പങ്കെടുക്കുന്നതാണ്. ഈ പരിപാടി അടുത്തയാഴ്ച ശ്രീ വെങ്കടേശ്വരാ സർവ്വകലാശാലയിൽ വെച്ചു നടത്തപ്പെടും.

സർവ്വകലാശാലയുടെയും മദിരാശിയിലെ അമേരിക്കൻ വാർത്താ വിതരണകാര്യാലയത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരുക്കുന്ന ഈ പരിപാടി ഫെബ്രുവരി 3 ാംതീയതി ബുധനാഴ്ച ആരംഭിക്കുന്നതാണ്. അന്നു വൈകുന്നേരം 4 മണിക്ക് കൺവോക്കേഷൻ പന്തലിൽ വച്ച്, മദിരാശിയിലെ അമേരിക്കയിലെ കോൺസൽ ജനറൽ ഡോ: ആൽബർട്ട് ബി. ഫ്രാങ്ക്ലിൻ ഉൽഘാടനപ്രസംഗം നിർവ്വഹിക്കും. സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ: വി. സി. പാവൻറാവു അദ്ധ്യക്ഷത വഹിക്കുന്നതാണ്. മദിരാശി യു. എസ്. ഐ. എസ്സിലെ കൾച്ചറൽ ഓഫീസർ മി. തോമസ് ഗാർഡ്നർ അമേരിക്കൻ പഠനങ്ങൾ സംബന്ധിച്ച പുസ്തകങ്ങളുടെ ഒരു ശേഖരം വൈസ് ചാൻസലർക്ക് സമ്മാനിക്കും.

ഈ പരിപാടിയിൽ പങ്കെടുക്കുന്ന വിദഗ്ദ്ധന്മാർ സാഹിത്യം, രാഷ്ട്രമീമാംസ, ചരിത്രം, മനഃശാസ്ത്രം, ധനതത്വശാസ്ത്രം, ഭൗതികശാസ്ത്രം, ജന്തുശാസ്ത്രം, സസ്യശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ വിവിധ വിഷയങ്ങളെപ്പററി ഫെബ്രുവരി 4_ാംനു മുതൽ 11_ാംനുവരെ സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലും കോളേജുകളിലും വച്ച് പ്രസംഗിക്കുന്നതാണ്. കൺവോക്കേഷൻ പന്തലിൽവച്ച് എല്ലാ ദിവസവും വൈകുന്നേരം പ്രത്യേക പ്രസംഗങ്ങളും ഫിലിംപ്രദർശനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

...

ആലപ്പുഴ പ്രദേശത്ത് കോളറ പടരുന്നു

20 ഓളം പേർ മരണമടഞ്ഞു

ആലപ്പുഴ, ജനു 31

ആലപ്പുഴ ജില്ലയിൽ കോളറ പടരുന്നതായും നിരവധി മരണങ്ങൾ പെരുകി വരുന്നതായും റിപ്പോർട്ട് ചെയ്യപ്പെടുന്നു

പുറക്കാട്ട്, അമ്പലപ്പുഴ എന്നീ വില്ലേജുകളിലാണ് ഈ രോഗം കൂടുതലായി പടരുന്നത്. ഈ വില്ലേജുകളിൽ മാത്രം കഴിഞ്ഞ ദിവസങ്ങളിൽ 20 ഓളം പേർ മരണമടഞ്ഞിട്ടുണ്ടെന്നു റിപ്പോർട്ടുണ്ട്. ഈ പ്രദേശങ്ങളിൽ ഈ രോഗം പടരുകയാണ്. ഛർദ്ദിയും വയററിൽനിന്ന് പോക്കും തൊമ്പു കെട്ടുപിണയലും മൂലം മരണവുമാണ് സംഭവിക്കുന്നത്. അമ്പലപ്പുഴ,പുറക്കാട് വില്ലേജുകളിൽ ഈ രോഗം പടരുകയാണെന്നു മാത്രമല്ല സമീപസ്ഥലങ്ങളിലും ഈ രോഗം പടരുകയുംചെയ്തുവരുന്നതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. അധികൃതർ അടിയന്തിരമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മണിയാറങ്കുടിയിൽ കുടിയിറക്കാരംഭിച്ചു

27 കുടുംബങ്ങൾ പെരുവഴിയിൽ_ഒരു യാക്കോബായ ദേവാലയം പൊളിച്ചു കളഞ്ഞു_വയർലസ് സെററുമായി പോലീസ് സ്ഥലത്തു ക്യാമ്പുചെയ്യുന്നു

(സ്വ ലേ) തൊടുപുഴ, ജനു. 30

ചെറുതോട് ചെപ്പനാട്ട ഭാഗങ്ങളിലെ താമസക്കാരായ 27 കുടുംബങ്ങളെ ഇന്നു പോലീസ്കാരുടെ ഇറക്കിവിട്ടിരിക്കുന്നു. സ്പെഷ്യൽ ആർ. ഡി. ഒ., പോലീസ്സേന, റവന്യൂ-ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ അടക്കമുള്ള ഒരു *സന്നാഹമാണ്* ഇതിനിവിടെയെത്തിയിരുന്നത്. രാവിലെ കൃത്യം 8 മണിക്കാരംഭിച്ച കുടിയിറക്ക് 12 മണിയായപ്പോഴേക്കും സമാപിച്ചു.

ഇത്ര ശാന്തമായി ഒരു കുടിയിറക്കു നടത്താൻകഴിഞ്ഞിട്ടില്ലെന്നാണ് ഉദ്യോഗസ്ഥന്മാർ പറഞ്ഞത്. ഇവരുടെ വസതികളും 4 കടകളും ഒരു യാക്കോബായ ദേവാലയവും ഇതിന്റെ പേരിൽ പൊളിച്ചുമാററി. മലങ്കുടിക്കാരെ കണ്ടാണ് ഉദ്യോഗസ്ഥന്മാർ വീട്ടുപൊളിപ്പിക്കൽ നടത്തിയത്.

രാവിലെ വന്ന ഉദ്യോഗസ്ഥന്മാർ ഇരുകുടികളുടെ സമീപിച്ച് മാറിത്താണമെന്നാവശ്യപ്പെട്ടു. എങ്ങോട്ടു പോകുന്നു എന്നവർ ചോദിച്ചു. മണിയാറങ്കുടിയിലേക്ക എന്നു പറഞ്ഞപ്പോൾ താമസത്തിനു പററിയതല്ലല്ലോ ആ സ്ഥലം അങ്ങോട്ടു പോകുന്നില്ല എന്നു അവർ അറിയിച്ചു. എന്നാൽ ഇവിടെനിന്നു മാറണം, മാറിയേ പററൂ എന്നു ഉദ്യോഗസ്ഥന്മാർ അറിയിച്ചു. ഈ കുടികൾ ഒന്നൊന്നായി പൊളിച്ചുമാററിക്കൊടുത്തു. നിരാധാരരായ ഇവർ കുന്തകുട്ടി സഹിതം റോഡിലും കടത്തിണ്ണയിലുമായി കഴിയുന്നു.

ഇറക്കിവിടപ്പെട്ട 27 കുടികളിൽ 23 നു മാത്രമാണ് അലോട്ട്മെൻറ് കാർഡുകളുള്ളത്.

വയർലസ്സ്സെററ സഹിതം ക്യാമ്പിൽ താവളമുറപ്പിച്ചിരുന്ന പോലീസിന അവിടെനിന്നു അനങ്ങേണ്ട ആവശ്യം നേരിട്ടില്ല. എങ്കിലും അവർ കാവലുണ്ട്.

★

തൃശ്ശൂർ വാർത്തകൾ

[സ്വ. ലേ] ജനുവരി 31

പട്ടുരയ്ക്കലുള്ള ഒരു പീടികയിൽനിന്നും കഴിഞ്ഞദിവസം ഏതാനും സാധനങ്ങൾ കളവുചെയ്ത കേസിൽ ജോണി [നെല്ലുപുഴ] എന്നൊരാളെ പോലീസ് അറസ്റ്റ് ചെയ്തിരിക്കുന്നു.

എസ്. എസ്. പി. യോഗം

തൃശ്ശൂർ ജില്ലയിലെ എസ് എസ് പി മണ്ഡലം സെക്രട്ടറി_പ്രസിഡണ്ടുമാരുടെ ഒരു യോഗം ഇന്നിവിടെവെച്ച് ചേർന്ന് ഏതാനും തീരുമാനങ്ങൾ എടുത്തിരിക്കുന്നു.

നിര്യാതനായി

കഴിഞ്ഞദിവസം പുതുക്കാട്ടുവെച്ച് ഒരു വെടിക്കെട്ടപകടത്തിൽ തീപിടിച്ചതിനെത്തുടർന്ന് പൊള്ളലേററ് ആസ്പത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ലാലൂർക്കാരനായ ജോസ് [28] എന്നൊരാൾ ഇന്നിവിടെവെച്ച നിര്യാതനായിരിക്കുന്നു.

കേരളാകോൺഗ്രസ്സ്

കേരളാ കോൺഗ്രസ്സ് ജില്ലാക്കമ്മിറ്റി ഇന്നിവിടെ ഒ. ജി. കെ. മേനോന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തെരഞ്ഞെടുപ്പു കാര്യങ്ങൾ ചർച്ച ചെയ്തിരിക്കുന്നു.

ജില്ലാ സ്പോർട്ട്സ് ഫെസ്റ്റിവൽ ഉൽഘാടനം ചെയ്യപ്പെട്ടു

തൃശ്ശൂർ, ജനു. 31

സെൻറ് തോമസ് കോളേജ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ പി എസ്. സുബ്രഹ്മണ്യയ്യർ ഇന്നു കൃത്യം 2 മണിക്ക് തൃശ്ശൂർ ജില്ലാ സ്പോർട്ട്സ് ഫെസ്റ്റിവൽ തോപ്പ് സ്റ്റേഡിയത്തിൽവച്ച് ഉൽഘാടനം ചെയ്തിരിക്കുന്നു. വർണ്ണശബളമായ മാർച്ച് പാസ്റ്റിനുശേഷം മത്സരങ്ങൾ ആരംഭിച്ചു. ജില്ലയിലെ വിവിധ താലൂക്കുകളിൽനിന്നുള്ള 200 ൽപരം അത്ലറ്റുകൾ ഇന്നത്തെ മത്സരങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

ശരീരസൌന്ദര്യത്തിൽ തൃശ്ശൂർ ജിംനേഷ്യത്തിലെ കെ. ഒ. ഫ്രാൻസിസ്സ് മിസ്റ്റർ തൃശ്ശൂർ ജില്ലയായി തെരഞ്ഞെടുക്കപ്പെട്ടു.

തൃശ്ശൂർ മുനിസിപ്പൽ കമ്മീഷണർ എ വി ദേവസി സമ്മാനദാനം നിർവ്വഹിച്ചു

ജിംനാസ്റ്റിക് മത്സരങ്ങൾ നാളെ ഉച്ചതിരിഞ്ഞ് 3 മണിക്ക നടത്തുന്നതായിരിക്കും.

...

നെഹ്റു വാച്ച് മോഷ്ടിച്ച കഥ

രാജ്കോട്ട്, ജനു 30

മഹാത്മാഗാന്ധിയിൽനിന്ന് വളരെ പണ്ടു മോഷണംപോയ ഒരു പോക്കററുവാച്ചിന്റെ മോഷ്ടാവ് ആരാണെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു.

ആ 'തൊണ്ടി'യായ വാച്ചിന്റെ ഫോട്ടോ ന്യൂയോർക്കിലെ ഒരു ഫോട്ടോ പ്രദർശനത്തിൽ ഒരു പ്രധാന സ്ഥാനം അലങ്കരിക്കുകയാണ്.

മഹാത്മാ ഗാന്ധിജി നടത്തിയ ഈ 'മോഷണ'ത്തിന്റെ കഥ സമീപകാലത്ത് മിസ്സിസ് ഇന്ദിരാഗാന്ധി, പ്രശസ്ത ഡിസൈനർ [illegible] ചെയ്ത അഹമ്മദാബാദിലെ നാഷനൽ ഡിസൈൻസ് ഇൻസ്റ്റിട്യൂട്ടിലെ ജോലിക്കാർക്ക് വിവരിച്ചു കൊടുക്കുകയുണ്ടായി.

മഹാത്മജിക്ക് പണ്ടൊരു പഴയ പോക്കററ്വാച്ചുണ്ടായിരുന്നു. ഒരിക്കലും അതു ശരിയായ സമയം കാണിച്ചിരുന്നില്ല; മിക്കപ്പോഴും 'പണിമുടക്കി'യുമിരുന്നു. നെഹ്റു ഉൾപ്പെടെ പലർക്കും ഈ 'അപൂർവ്വസാധനം' ഒരു തലവേദനയായി തീർന്നു. അതുപേക്ഷിക്കണമെന്ന് അവർ മഹാത്മജിയോടഭ്യർത്ഥിച്ചു. പക്ഷേ തന്റെ 'നിധി' കൈവിടാൻ അദ്ദേഹം കൂട്ടാക്കിയില്ല.

ഒരു ദിവസം ശ്രീ. നെഹ്റു പതുക്കെ ആശ്രമത്തിൽ കടന്നുവന്നു വാച്ച് എടുത്തുകൊണ്ടുപോയി. ആശ്രമത്തിനുള്ളിൽ നിന്ന് ആ വാച്ച് നഷ്ടപ്പെട്ടതിൽ ഗാന്ധിജി അത്യധികം രോഷാകുലനായി. ഈ മോഷണം വലിയ ഒച്ചപ്പാടുണ്ടാക്കി.

കുറെ ദിവസങ്ങൾക്കുശേഷം നെഹ്റു ഒരു പുതിയ വാച്ച് മഹാത്മജിക്ക സമ്മാനിച്ചു. വാച്ചുമോഷണത്തിന്റെ സംഭവംകാലക്രമേണവിസ്മൃതമായി.

മഹാത്മജി നല്ല പ്രകൃതത്തിലിരിക്കുന്ന സമയംനോക്കി പണ്ഡിററ് നെഹ്റു ഒരു ദിവസം തന്റെ കുററം ഏററുപറഞ്ഞു. താനതു സ്മരണയ്ക്കായി സൂക്ഷിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. ഒരു നിമിഷം ഗാന്ധിജി നെഹ്റുവിനെ തുറിച്ചുനോക്കി. അടുത്തനിമിഷം അതാരുടെകുസൃതിയായിരുന്നുവെന്നും വാച്ചുതരുടെ പക്കലാണെന്നും അറിഞ്ഞപ്പോൾ അദ്ദേഹം മന്ദസ്മിതം തൂകി.

...

ശമ്പള ദിനം
സമ്പാദ്യ ദിനം
ഇന്നുതന്നെ ഒരു സഞ്ചിതകാല നിക്ഷേപ അക്കൗണ്ട് തുറക്കുവിൻ
ദേശീയ സമ്പാദ്യ സംഘടന
DA 64/291